**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1296

03.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനിയുടെ മൂന്നാറിലെ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി മൂന്നാറിലെ ഭൂമി കൈവശപ്പെടുത്തിയത് എപ്പോഴാണ്; ഈ കൈമാറ്റത്തിന് നിയമ സാധുതയുണ്ടോ; | (എ)1895 ൽ; കൈമാറ്റത്തിന്റെ നിയമ സാധുത സംബന്ധിച്ച് കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി, ടാറ്റാ ടീ കമ്പനിയിലേക്ക് ഭൂമി പരിവർത്തനം നടത്തിയത് ഏത് വർഷത്തിലായിരുന്നു; | (ബി) 1976 ൽ |
| (സി) ബ്രിട്ടീഷ് നിയമ പ്രകാരം സംസ്ഥാനത്തെ ഭൂമി രജിസ്റ്റർ ചെയ്യാവുന്നതാണോ; പ്രസ്തുത രജിസ്ട്രേഷൻ നടന്നത് ഏത് തിയതിയിലാണ്; സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ; | (സി) ബ്രിട്ടീഷ് നിയമ പ്രകാരം സംസ്ഥാനത്തെ ഭൂമി രജിസ്റ്റർ ചെയ്യാവുന്നതല്ല. ടി രജിസ്ട്രേഷൻ നടന്നത് 1976 ൽ ആണ്. സ്റ്റാമ്പ് ഡ്യൂട്ടി നിയമ ലംഘനം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കണ്ണൻദേവൻ കമ്പനി എത്ര ഏക്കർ ഭൂമിയാണ് കൈവശ പ്പെടുത്തിയിരിക്കുന്നത്; കണ്ണൻദേവൻ കമ്പനിയുടെ കൈവശം മൂന്നാറിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയുണ്ട്; വ്യക്തമാക്കുമോ? | (ഡി) കെ.ഡി.എച്ച് വില്ലേജിൽ നടന്നിട്ടുള്ള ഒന്നിലധികം റീസർവ്വെയുടെ ഫലം അന്തിമമായി പ്രസിദ്ധം ചെയ്തിട്ടില്ലാത്തതിനാൽ പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കണ്ണൻദേവൻ കമ്പനി/ടാറ്റാ ടീ കമ്പനി അധികം ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടോ/ നിലവിൽ എത്ര ഭൂമി കൈവശം വെച്ചുവരുന്നു എന്നിവ അന്തിമമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ